# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **3901**      **15/5/2017** -ലെ മറുപടി

## നെയ്യാറിൽ നിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. എം.വിൻസെന്റ് | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നെയ്യാറിൽ നിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി വിജയപ്രദമായിരുന്നോ എന്ന് വെളിപ്പെടുത്തുമോ; | (എ) തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നെയ്യാറിൽ നിന്നും വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതി പ്രതീക്ഷിച്ചതിനേക്കാൾ വിജയകരമായിരുന്നു. |
| (ബി) പ്രസ്തുത സംവിധാനം ഒരുക്കുന്നതിന് സംസ്ഥാന ഖജനാവിൽ നിന്നും എന്ത് തുക ചെലവായെന്ന് അറിയിക്കുമോ; | (ബി) നെയ്യാറിൽ നിന്നും അരുവിക്കര ജലസംഭരണിയിലേക്ക് ജലമെത്തിക്കുന്നതിലേക്ക് സർക്കാർ സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് ആറ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നിന്നും 146.00 ലക്ഷം രൂപ പമ്പ് വാങ്ങുന്നതിനും കെ.എസ്.ഇ.ബി-യിൽ അടയ്ക്കുന്നതിനുമായി ചെലവാക്കിയിട്ടുണ്ട്. ചെലവുകൾ അന്തിമമായിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിന് അഹോരാത്രം പ്രവർത്തിച്ച ഉദ്യോഗസ്ഥർക്ക് പ്രോത്സാഹനം നൽകുന്നതിനായി ക്യാഷ് അവാർഡ് നൽകുമോ? | (സി) ഇതുമായി ബന്ധപ്പെട്ടു പ്രവർത്തിച്ച ജീവനക്കാരെയും തൊഴിലാളികളെയും സർക്കാരിന്റെ പ്രത്യേക അനുമോദനം സമർപ്പിക്കുന്നതാണ്. ക്യാഷ് അവാർഡ് നൽകുന്ന സംഗതി പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

JSK/